മാതൃഭൂമി

Mathrubhumi Seed

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 15 DECEMBER 2022

# ആകാശപ്പച്ച

## CONTENTS

എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്

Cover photo: Shutterstock

# നാം മുന്നോട്ട്

2022-ലെ അവസാന ലക്കം ആകാശപ്പച്ചയാണിത്. കൊറോണഭീതി പതുക്കപ്പതുക്കെ ഒഴിഞ്ഞുപോയ വർഷം, നമ്മളൊക്കെ നിയന്ത്രണങ്ങളിൽനിന്ന് മോചിതരായ കാലം. പ്രതിസന്ധികടന്ന് മുന്നേറിയ ഈ വർഷത്തിൽ വായനയുടെ വലിയ ലോകവുമായി ആകാശപ്പച്ചയും ഒപ്പമുണ്ടായിരുന്നു. നമുക്ക് ഇനിയും ഒരുമിച്ച് മുന്നോട്ട് പോകാം പുതിയ ആശയലോകങ്ങളിലേക്ക്...



എഡിറ്റോറിയൽ

# മഞ്ഞുരുക്കല്ലേ!



ക്രിസ്മസ്കാലമാണല്ലോ... സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആഘോഷക്കാലം. മഞ്ഞുപാളിക്ക് മുകളിലൂടെ തെന്നുവണ്ടിയിൽ വരുന്ന ക്രിസ്മസ് അപ്പൂപ്പൻ... അപ്പൂപ്പന്റെ വണ്ടി തെന്നിവരുന്ന മഞ്ഞുപാളികൾ നമ്മൾ ഉരുക്കിക്കളയല്ലേ! ആഗോളതാപനംമൂലം മഞ്ഞുരുകിത്തീർന്നാൽ ക്രിസ്മസ് പപ്പ എങ്ങനെ മഞ്ഞിലൂടെ തെന്നിവരും? തന്നെയുമല്ല മഞ്ഞുരുകിയാൽ കടൽജലനിരപ്പുയർന്ന് പലയിടങ്ങളും മുങ്ങിപ്പോകും. മഞ്ഞുപാളിക്കടിയിൽ കിടക്കുന്ന പലതരം രോഗാണുക്കൾ പുറത്തുവരാനുമിടയാകും. അതുകൊണ്ട് ആഗോളതാപനമുണ്ടാക്കുന്ന പ്രവൃത്തികളൊന്നും നമുക്ക് വേണ്ട! ക്രിസ്മസ് പപ്പ വരട്ടെ, നമുക്ക് ജീവിതം ആഘോഷമാക്കാം...എല്ലാവർക്കും ക്രിസ്മസ് ആശംസകൾ!

# തോൽപ്പെട്ടി വന്യജീവിസങ്കേതം

കേരളത്തിലെ വയനാട് ജില്ലയിൽ സഹ്യപർവതത്തോട് ചേർന്നുകിടക്കുന്ന വന്യജീവിസങ്കേതമാണ് തോൽപ്പെട്ടി. വടക്കേ വയനാടിന്റെ അതിർത്തിയിൽ കർണാടകയുടെ കൂർഗ് ജില്ല വരെ വ്യാപിച്ചുകിടക്കുന്ന നിബിഡവനപ്രദേശമാണിത്. വയനാട് വന്യജീവിസങ്കേതത്തിന്റെ ഭാഗമായ അനുബന്ധപ്രദേശമാണ് തോൽപ്പെട്ടി കാടുകൾ. ആന, കാട്ടുപോത്ത്, മാൻ, പുലി, കടുവ തുടങ്ങിയ മൃഗങ്ങൾ ഇവിടെ കാണപ്പെടുന്നു. വനത്തിലൂടെ ജീപ്പിൽ യാത്രചെയ്യാം. ഒരു ജീപ്പിന് 600 രൂപ വാടകയും ആൾക്കൊന്നിന് 110 രൂപയുമാണ് ചാർജ്. ഏഴുപേർക്ക് ഒരു ജീപ്പിൽ യാത്രചെയ്യാം.





ലൈനു ഫരിയ
സെന്റ് ജോസഫ്, മേപ്പാടി
വയനാട്

കേരളം അറിയാൻ

# അറിയുമോ എന്റെ പുഴയെ?

നിങ്ങൾക്കറിയുമോ എന്റെ പുഴയെ.... ഞാൻ പറയുന്നത് മീനച്ചിലാറിനെക്കുറിച്ചാണ് കൂട്ടുകാരേ... അരുന്ധതിറോയിയുടെ ബുക്കർസമ്മാനാർഹമായ നോവലിൽ പ്രതിപാദിക്കുന്ന പുഴയുടെ തീരത്താണ് എന്റെ വിദ്യാലയം. ജൈവവൈവിധ്യസമ്പന്നമായ പുഴ ഇപ്പോൾ പ്ലാസ്റ്റിക്മാലിന്യമടിഞ്ഞ് മലിനമായി. ഞങ്ങൾ ഒരുമിച്ച് അത് നീക്കംചെയ്യാനുള്ള ശ്രമം തുടരുകയാണ്. പ്രിയ കൂട്ടുകാരേ, ഇനിയെങ്കിലും നമ്മുടെ പുഴകളെ മലിനമാക്കുന്നതൊന്നും നിങ്ങൾ ചെയ്യരുതേ...



കാതറിൻ അന്ന ബിനു, ക്ലാസ് 6
സി.എം.എസ്. കോളേജ് ഹൈസ്കൂൾ
കോട്ടയം

ചിറകുള്ള ചങ്ങാതിമാർ



# കുളക്കോഴി

White breasted water hen

കുളക്കരയിലും വയലുകൾക്ക് സമീപവും കണ്ടുവരുന്ന കുളക്കോഴിക്ക് മുണ്ടക്കോഴി എന്നും പേരുണ്ട്. ഇംഗ്ലീഷിൽ വൈറ്റ് ബ്രെസ്റ്റഡ് വാട്ടർ ഹെൻ എന്ന് വിളിക്കുന്നു. അമോറോണിസ് ഫോയിനികുറസ് എന്നാണ് ശാസ്ത്രീയനാമം. ദേഹം മങ്ങിയ കറുപ്പുനിറവും മുഖം, കഴുത്തിന്റെ താഴ്ഭാഗം, മാറിടം എന്നിവ തൂവെള്ളയും ആണ്. ചെറിയ വാലിനടിയിൽ തവിട്ടുകലർന്ന ചുവപ്പുനിറവും കാണാം. പ്രാണികളും മത്സ്യങ്ങളും ആണ് പ്രധാന ആഹാരം. കുറ്റിച്ചെടികൾക്കിടയിലോ മരക്കൊമ്പിലോ ആണ് കുളക്കോഴി കൂടുകെട്ടുന്നത്. കുഞ്ഞുങ്ങൾക്ക് കറുത്ത നിറമാണ്.



പ്രണതി
V.P.M.S.N.D.P.
സ്കൂൾ, തൃശ്ശൂർ



ഈ ഫോട്ടോ കാണാം

# പഹൽഗാം കശ്മീർ

അലൻ യസീദ്
സിൽവർ ഹിൽസ് സ്കൂൾ
കോഴിക്കോട്

കൃഷിക്കാര്യം

# കാർഷിക വനശാസ്ത്രം

ഒരു പ്രദേശത്ത് വളരുന്ന വൃക്ഷലതാദികളും മറ്റ് കാർഷികവിളകളും അവയോടൊപ്പമുള്ള ജന്തുജാലങ്ങളും ചേർന്നുള്ള ഉത്പാദനം വർധിപ്പിക്കുന്നതിനായുള്ള ഒരു ഭൂവിനിയോഗസമ്പ്രദായമാണ് കാർഷിക വനശാസ്ത്രം. വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, വിളകൾ, ജന്തുക്കൾ എന്നീ വിവിധ ഘടകങ്ങൾ തമ്മിലും ഭൗതികപരിസ്ഥിതിയും മറ്റ് ഘടകങ്ങളും തമ്മിലും അഭിലഷണീയമായ രീതിയിലുള്ള പ്രതിപ്രവർത്തനങ്ങൾ അനുകൂലമാക്കുകയാണ് കാർഷിക വനശാസ്ത്രത്തിന്റെ പ്രധാന ലക്ഷ്യം. കേരളത്തിൽ സാധാരണമായി കാണുന്ന വീട്ടുവളപ്പുകൃഷിസമ്പ്രദായം ഇതിന് ഉദാഹരണമാണ്. മണ്ണൊലിപ്പ് കുറയുക, മേൽമണ്ണ് ഒലിച്ചുപോയുണ്ടാകുന്ന പോഷണനഷ്ടം കുറയുക, മണ്ണിനനുകൂലമായ താപനില പ്രദാനംചെയ്യുക തുടങ്ങിയവയാണ് ഇതിന്റെ ഗുണങ്ങൾ.

ശിവഗംഗ എസ്.
ടൈനി ടോട്സ് ജൂനിയർ സ്കൂൾ
ആലപ്പുഴ

# മണ്ണിന്റെ പ്രാർഥന...

*സൂര്യാംവോരോ വയൽപ്പൂവിലും*
*വൈരം പതിക്കുന്നുവോ...*
*സീമന്ത കുങ്കുമ ശ്രീയണിഞ്ഞു*
*ചമ്പകം പൂക്കുന്നുവോ...*
*മണ്ണിന്റെ പ്രാർഥനാ ലാവണ്യമായ്*
*വിണ്ണിന്റെ ആശംസയായ്*

**സൂ**ര്യകിരണങ്ങൾ വയൽപ്പൂക്കളിൽ വൈരത്തെപ്പോലെ പതിച്ചുനിൽക്കുന്നു. സൂര്യനിലെ കുങ്കുമകിരണങ്ങളാൽ ചെമ്പകപ്പൂ പ്രണയം പങ്കുവെച്ച് പൂക്കുന്നു. ആ പ്രണയാർദ്ര നിമിഷത്തിൽ മണ്ണും വിണ്ണും പ്രാർഥനയും ആശംസയും അർപ്പിക്കുന്നു... പ്രകൃതിയുടെ വരദാനങ്ങളായ വയലുകളും സൂര്യനും എല്ലാം വളരെ മനോഹരമായി ഈ വരികളിൽ പ്രതിഫലിക്കുന്നുണ്ട്.

**ഗാനരചന: കെ.ജയകുമാർ**
**സംഗീതം: ജോൺസൺ**
**ഗായകൻ: യേശുദാസ്**

അനന്യ എ.സി.
ജി.യു.പി.എസ്. കോങ്ങാട്
പാലക്കാട്

# മിറക്കിൾ ഫ്രൂട്ട്



പേരുപോലെതന്നെ ചില അദ്ഭുതവിദ്യകൾ കൈയിലുള്ള പഴമാണ് മിറക്കിൾ ഫ്രൂട്ട്. ഒരു ആഫ്രിക്കൻ പഴച്ചെടിയാണ് മിറക്കിൾ ഫ്രൂട്ട്. ചെറുശാഖകളോടും ഇലകളോടും കൂടി വളരുന്ന ഈ സസ്യത്തിന്റെ ഒരു പഴം കഴിച്ചതിനുശേഷം രണ്ടുമണിക്കൂർവരെ കഴിക്കുന്ന ഭക്ഷണവും വെള്ളവുമെല്ലാം മധുരതരമായി അനുഭവപ്പെടുന്നു. മിറക്കിൾ ഫ്രൂട്ടിൽ അടങ്ങിയ 'മിറക്കുലിൻ' എന്ന ഘടകം നാവിലെ രസമുകുളങ്ങളെ ഉണർത്തി പുളി, കയ്പ് രുചികൾക്ക് പകരം താത്കാലികമായി മധുരം അനുഭവപ്പെടുത്തുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്.

നന്ദന പ്രമോദ്
പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂൾ
കണ്ണൂർ

# ചത്താലും കുറുക്കന്റെ കണ്ണ് കോഴിക്കൂട്ടിൽ തന്നെ!




മലയാളത്തിലുള്ള ഒരു ചൊല്ലാണല്ലോ ഇത്. ഇത് ശരിയാണോ എന്ന് ആലോചിക്കാം. കാനിഡേ കുടുംബത്തിൽപ്പെട്ട കുഞ്ഞന്മാരെയാണ് നമ്മൾ കുറുക്കൻ എന്ന് വിളിക്കുന്നത്. ഇവയ്ക്ക് മനുഷ്യരെ വളരെ പേടിയാണ്. അതിനാൽതന്നെ മനുഷ്യവാസമുള്ളയിടത്തേക്ക് ഇവ ധൈര്യത്തോടെ വരുകയില്ല. അതുകൊണ്ടുതന്നെ ഇവയ്ക്ക് കോഴിക്കൂട്ടിൽ വന്ന് കോഴിയെ പിടിക്കാനുള്ള ധൈര്യമോ ത്രാണിയോ ഇല്ല. ജനവാസമേഖലയുടെ അടുത്തുള്ള കുറ്റിക്കാടുകളിലാണ് ഇവ വസിക്കുന്നത്. ഇവ അത്യുച്ചത്തിൽ ഓരിയിടാറില്ല. കൂട്ടമായി നാട്ടിലേക്ക് ഇറങ്ങാറുമില്ല.

വൈഗ, ക്ലാസ് 7
നവനിർമാൺ പബ്ലിക് സ്കൂൾ
വാഴക്കാല, കൊച്ചി

# നാടിന്റെ നന്മയ്ക്ക് തണ്ണീർത്തട സംരക്ഷണം

മനുഷ്യന്റെ വികസനചിന്ത തെല്ലൊന്നുമല്ല നമ്മുടെ നദികളെ ബാധിച്ചിട്ടുള്ളത്. പാഴ്നിലങ്ങളെന്ന് കരുതി അവഗണിച്ചിരുന്ന തണ്ണീർത്തടങ്ങൾ പ്രകൃതിയുടെ വരദാനമാണ്. ശാസ്ത്രകാരന്മാർ 'ഭൂമിയുടെ വൃക്ക' അഥവാ 'കിഡ്നി ലാൻഡുകൾ' എന്ന അപരനാമമാണ് തണ്ണീർത്തടങ്ങൾക്ക് നൽകിയിരിക്കുന്നത്. വെള്ളപ്പൊക്കക്കെടുതിയുടെ രൂക്ഷത ശമിപ്പിക്കുന്നതിൽ തണ്ണീർത്തടങ്ങൾക്ക് പ്രാധാന്യമുണ്ട്. മഴക്കാലത്തെ അധികജലം തണ്ണീർത്തടങ്ങൾ ശേഖരിച്ചുവയ്ക്കുന്നു. വേനലിൽ ഇവ ഈ പ്രദേശത്തിന്റെ പച്ചപ്പിനുതകുന്നു. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടൽ നമ്മുടെ നദികളെയും തണ്ണീർത്തടങ്ങളെയും നാശത്തിന്റെ വക്കോളമെത്തിച്ചിരിക്കുന്നു. തണ്ണീർത്തടങ്ങളിൽനിന്ന് വലിയതോതിൽ കളിമൺഖനനം നടത്തുന്നു. പ്രകൃതി കനിഞ്ഞുനൽകിയ തണ്ണീർത്തടങ്ങൾ കരമണ്ണുപയോഗിച്ച് നികത്തിയെടുത്ത് നാം ജലക്ഷാമത്തിന്റെയും ജൈവവൈവിധ്യനാശത്തിന്റെയും പിടിയിലമരുന്നു.



നവനീത് ഗോപു പി.എ., ക്ലാസ് 4
എസ്.എൻ.എം.വി.എച്ച്.എസ്.എസ്.
വണ്ണപ്പുറം, ഇടുക്കി

പൂവറിവ്

# മീശപ്പൂവ്



വിത്ത് മുളച്ചാണ് മീശപ്പൂവിന്റെ തൈകളുണ്ടാകുന്നത്. വലിയ മരമായിമാറി അതിൽ നിറയെ ഭംഗിയുള്ള മീശപ്പൂക്കളുണ്ടാകുന്നു. നെല്ലിയിലകളുടെതിന് സമാനമായ ഇലകളാണ് ഇതിനുള്ളത്. പല നിറങ്ങളിലുള്ള പൂവുകളുണ്ടാകുന്ന മരങ്ങൾ കാണാം. പൂക്കളിൽനിന്ന് പുറത്തേക്ക് തള്ളിനിൽക്കുന്ന പൂമ്പൊടികളുള്ള നാരുകളുമുണ്ട്. ഇത്തരം മീശപോലുള്ള നാരുകളുള്ളതിനാലാവണം ഇതിന് മീശപ്പൂവെന്ന പേര് വന്നത്. പച്ചനിറത്തിൽ കായകളുണ്ടാകുന്നു. ഈ കായകൾ പിന്നീട് കറുത്ത നിറമായിമാറുന്നു. കായകൾ പൊട്ടിത്തെറിച്ച് വിത്തുകൾ മണ്ണിൽ വീഴുകയും ചെടികളുണ്ടാവുകയും ചെയ്യുന്നു. കൂടുതൽ നനച്ച് പരിപാലിക്കേണ്ടാത്തതിനാൽ മീശപ്പൂമരം വളർത്താൻ എളുപ്പമാണ്. രാജമല്ലി എന്നും പേരുണ്ട്.



സായന്ത് ആർ.എസ്.
ക്ലാസ് 6 എ
ഭാരത് ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂൾ,
പൊയിനാച്ചി, കാസർകോട്

വർണച്ചിറക്

കവിത

# പ്രകൃതിയുടെ പ്രതികാരം



ഇന്നീ കൊടും ചൂടിൽ
കത്തിയെരിയുന്നു ഞാൻ
പ്രകൃതിതൻ കണ്ണീരുമൊപ്പി
മഴയില്ല, വരൾച്ചയാണെങ്ങും
ഒരു തുള്ളി വെള്ളത്തിനായി കേണിടുന്നു
എല്ലാം പ്രകൃതിതൻ
പ്രതികാര ഭാവത്തിൽ
കത്തിയെരിഞ്ഞടങ്ങുന്നു
പ്രകൃതിയെ കൊന്നു നാം
മാളിക കെട്ടി
ഇനിയതിൻ പ്രതികാരാഗ്നിയിൽ
ആവിയായ് മാറും മനുഷ്യൻ
വരും കാലമത്രയും
പ്രകൃതിതൻ നീറിച്ചുവപ്പിച്ച കണ്ണിനാൽ
കത്തിയെരിയുന്നു ഇന്ന് നാം
ഇക്കൊടും ചൂടിൽ
"ഹേ മനുഷ്യാ!"
ഇത് നിനക്കുള്ള ശിക്ഷ
പ്രകൃതിയുടെ അട്ടഹാസം
പ്രകൃതിയുടെ പ്രതികാരം
ആറിത്തണുപ്പിക്കാനാവാത്ത, അണയാത്ത
പ്രകൃതിയുടെ കൊടും പ്രതികാരം.

അമാന ഫിർദൗസ് , ക്ലാസ് 9
ഗവ. എം.ജി.എച്ച്.എസ്.എസ്.
ചടയമംഗലം, കൊല്ലം

# കിങ്ങിണിക്കാട്ടിലെ ചങ്ങാതിമാർ

വർണച്ചിറക്

കഥ

പണ്ട് കിങ്ങിണിക്കാട്ടിൽ പലതരം പക്ഷികളും മൃഗങ്ങളും സന്തോഷത്തോടെ താമസിച്ചിരുന്നു. രാജാവായ സിംഹം എല്ലാ മൃഗങ്ങളെയും നല്ലരീതിയിൽ സംരക്ഷിച്ചു. ഒരുദിവസം, കാട്ടിലെ പക്ഷികൾ ഒരുമിച്ച് വന്ന് രാജാവായ സിംഹത്തോട് പറഞ്ഞു. "രാജാവേ... വേട്ടക്കാർ വന്ന് കാടിന് തീവെച്ചു. നിമിഷങ്ങൾക്കുള്ളിൽ തീ ഇവിടെയും എത്തും... എന്തെങ്കിലും ചെയ്യണം!

രാജാവ് ഭയന്നുപോയി. എല്ലാവരും ഒരുമിച്ച് ഈ അപകടസാഹചര്യത്തെ നേരിടണം... രാജാവ് പറഞ്ഞു. ഇത് കേട്ടയുടനെ കാക്കക്കൂട്ടം മറ്റൊരു കാട്ടിലേക്ക് പറന്നുപോയി.. കിങ്ങിണിക്കാട്ടിൽ ബാക്കിയുണ്ടായിരുന്ന പക്ഷികളും മൃഗങ്ങളും ദൈവത്തോട് കരഞ്ഞ് പ്രാർഥിച്ചു. പെട്ടെന്ന് നല്ല മഴ പെയ്യാൻതുടങ്ങി. അതോടെ കാട്ടിലെ തീ അണഞ്ഞു. എല്ലാവർക്കും സന്തോഷമായി. പക്ഷേ, കിങ്ങിണിക്കാട് വിട്ടുപോയ കാക്കകളുടെ കാര്യം കഷ്ടമായിരുന്നു. അവർക്ക് അവിടെ തിന്നാനും കുടിക്കാനും ഒന്നുമുണ്ടായിരുന്നില്ല. തിരികെ വരാൻ സിംഹരാജൻ അനുവദിക്കില്ല എന്നും അറിയിച്ചു. അങ്ങനെ കാക്കകൾ കാട് ഉപേക്ഷിച്ച് നാട്ടിൻപുറങ്ങളിൽ താമസിക്കാൻതുടങ്ങി.




അദിതി നമ്പ്യാർ, ക്ലാസ് 4
സെന്റ് തെരേസാസ് എ.ഐ.ടി.ടി.ഐ.,
കണ്ണൂർ

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

നമ്മൾ
പ്രകൃതിയെ
നശിപ്പിക്കുന്നത്
പ്രകൃതി
അതിനുള്ള
അവസരം
തന്നിട്ടാണ്.



Published by Mathrubhumi Seed